പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3172

03-04-2013 – ൽ മറുപടിയ്ക്ക്

## തൃശൂർ ജില്ലയിലെ കോൾ കർഷകരുടെ പ്രശ്നം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി ഗീതാ ഗോപി | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും, മൃഗസംരക്ഷണവും ,അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| (എ) | തൃശൂർ ജില്ലയിലെ കോൾ കർഷകരുമായി 07-12-2011 ന് മുഖ്യമന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തൊക്കെ എന്ന് വിശദീകരിക്കാമോ ; | (എ) | 07/12/2011-ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഉല്പാദന ബോണസ് ഹെക്ടറിന് 1000 രൂപയായും പമ്പിംഗ് സബ്സിഡി ഹെക്ടറിന് 750 രൂപയായും വർദ്ധിപ്പിക്കുവാനും, രാജമുട്ടു പടവിൽ 100 കെ.വി ട്രാൻസ്ഫോർമർ കൃഷി വകുപ്പിന്റെ ചെലവിൽ സ്ഥാപിക്കുവാനും, തൃശൂർ കോളിന്റെ ഒന്നാം ഘട്ട വികസനത്തിനായി ഭൂമി ഏറ്റെടുത്ത വകയിൽ കർഷകർക്ക് കിട്ടുവാനുള്ള ഭൂമിയുടെ വില സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ തൃശൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കുവാനും തീരുമാനിക്കുകയുണ്ടായി. |
| (ബി) | പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാകാതിരുന്നതിനെ തുടർന്ന് കർഷകർ ആരംഭിച്ച സമരം ഒത്തുതീർപ്പിലാക്കുന്നതിന്റെ ഭാഗമായി 22-10-2012 ന് ചേർന്ന മന്ത്രിസഭായോഗം എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടത്; അവയിൽ ഇതിനകം നടപ്പിലാക്കിയവ ഏതെല്ലാമെന്ന് വിശദമാക്കുമോ ; | (ബി) | ഉൽപാദന ബോണസ് 1000 രൂപയായി വർദ്ധിപ്പിച്ചു നൽകുവാനും പമ്പിംഗ് സബ്സിഡി ഹെക്ടറിന് 750 രൂപയായി വർദ്ധിപ്പിക്കുവാനും തൃശൂർ കോൾനില വികസന സമിതിക്ക് 35 ലക്ഷം രൂപ നൽകുവാനും തീരുമാനിച്ചു. പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുകയും ചെയ്യുകയുണ്ടായി. |

| | | | |
|---|---|---|---|
| (സി) | കോൾ മേഖലയിലെ ബണ്ട് നിർമ്മാണത്തിനുവേണ്ടി കെ.എൽ.ഡി.സി ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാരത്തുക കർഷകർക്ക് നൽകുന്നതിന് ആവശ്യമായ 2 കോടി രൂപ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കുമോ; എന്നാണ് തുക വിതരണം ചെയ്യുവാൻ സാധിക്കുകയെന്ന് വ്യക്തമാക്കുമോ; | (സി) | തൃശൂർ ജില്ലയിലെ കോൾനില വികസന പദ്ധതിക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് വിതരണം ചെയ്യുവാനുള്ള 2.5 കോടി രൂപ അനുവദിക്കുന്നത് സംബന്ധിച്ച് തൃശൂർ ജില്ലാകളക്ടറുടെ പ്രൊപ്പോസൽ റവന്യൂ വകുപ്പിൽ പരിശോധിച്ചു വരികയാണ്. |
| (ഡി) | രാജമുട്ട് കോൾ പടവിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന നടപടി എന്തായെന്ന് വിശദീകരിക്കാമോ; ട്രാൻസ്ഫോർമർ സ്ഥാപിക്കുവാൻ മതിയായ തുക അനുവദിക്കുമോ; എത്ര സമയത്തിനുള്ളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുമെന്ന് വിശദമാക്കുമോ? | (ഡി) | പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം രാജമുട്ട് കോൾ പടവിൽ 100 കെ.വി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനായി 2.64 ലക്ഷം രൂപ 2012-13 എം.എം.എ നെൽകൃഷി വികസന പദ്ധതി പ്രകാരം അനുവദിക്കുകയും 28-02-2013-ൽ ടി തുക കണ്ടശാൻകട് ഇലക്ട്രിസിറ്റി ഓഫീസിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. 3 മാസത്തിനകം ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതാണ് എന്ന് കെ.എസ്.ഇ.ബി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ